ശ്രീ. സി. അച്യുതമേനോൻ : ഇപ്പോഴും രണ്ടു വൻകിട വ്യവസായങ്ങളും ഉള്ളതു് ഏതെല്ലാമാണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒന്നു് ട്രാവൻകൂർ സിമൻറു കമ്പനി പ്രൈവറ്റു ലിമിറ്റഡു്, രണ്ടു് ട്രാവൻകൂർ പെട്രോകെമിക്കൽസു് ഇൻഡസ്ട്രീസു്, ചിങ്ങവനം. മൂന്നാമതു് ഒരു സ്പിന്നിംഗ്മിൽ ആരംഭിക്കാനുള്ള നടപടികളും എടുത്തുവരികയാണു്.

ശ്രീ. എൻ. എസ് കൃഷ്ണപിള്ള : ട്രാവൻകൂർ സിമൻറു് കമ്പനി പ്രൈവറ്റു് ലിമിറ്റഡിൽ കഴിഞ്ഞ കുറെ കൊല്ലങ്ങൾക്കു് മുമ്പു്, അവിടേയ്ക്കു് ആവശ്യമുള്ള കക്കാ കിട്ടാനില്ലെന്നു് ഒരു റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു. ഇപ്പോൾ ആവശ്യമുള്ള കക്കാ കിട്ടി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അന്നത്തെ റിപ്പോർട്ടിൽ പറയുന്നതു് അത്ര ശരിയല്ലെന്നാണു് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു്. ഇനിയും കുറച്ചു കാലത്തേക്കുകൂടി കക്കാ കിട്ടാൻ വിഷമമില്ലെന്നറിയുന്നു.

ശ്രീ. സി. അച്യുതമേനോൻ : ചിങ്ങവനത്തുള്ള ട്രാവൻകൂർ പെട്രോകെമിക്കൽസു് ഇൻഡസ്ട്രീസു് തുടങ്ങിയിട്ടു് വളരെക്കാലമായിയെന്നറിയുന്നു. വാസ്തവത്തിൽ അവിടെ തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ ഉൽപാദനം ആരംഭിച്ചുവെന്നു പറയാറായിട്ടില്ല. അവിടേയ്ക്കു ആവശ്യമുള്ള യന്ത്രസാമഗ്രികളും വരുത്തുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. താമസിയാതെ തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നു് പ്രതീക്ഷിക്കുകയാണു്.

ശ്രീ. ടി. കൃഷ്ണൻ : ഒരു സ്പിന്നിംഗ് മിൽ തുടങ്ങാനുള്ള നടപടികളെടുത്തിട്ടുണ്ടെന്നു് പറഞ്ഞു. ഇതിനുമുമ്പു കൊല്ലം ജില്ലയിൽ ഒരു സ്പിന്നിംഗ് മിൽ അനുവദിക്കുകയുണ്ടായി. അതിൽ വല്ല നടപടികളും എടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള വിവരങ്ങളെന്താണെന്നു് അറിയിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ സ്പിന്നിംഗ് മില്ലിനു് ആവശ്യമായ യന്ത്രസാമഗ്രികൾക്കുള്ള ഓർഡർ കൊടുത്തിട്ടുണ്ടു്. അതിലേയ്ക്കുള്ള ലൈസൻസു് ലഭിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : മുടക്കുമുതലിൻെറ ആധിക്യത്തെ അടിസ്ഥാനപ്പെടുത്തിയോ, ഉൽപാദനത്തിൻെറ സാദ്ധ്യതയേ അടിസ്ഥാനപ്പെടുത്തിയോ എങ്ങനെയാണു് വൻകിട വ്യവസായങ്ങൾ എന്നു പറയുന്നതു് ; ഏതെല്ലാം വ്യവസായങ്ങളാണു് വൻകിട വ്യവസായങ്ങളെന്നു് പറയുന്നതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കൂടുതൽ മൂലധനം മുടക്കുന്ന വ്യവസായങ്ങളെയാണു് വൻകിട വ്യവസായങ്ങൾ എന്നു പറയുന്നതു്.

## വ്യവസായ ലോൺ

* 919. [9] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962 ജനുവരി മുതൽ 1963 ഡിസംബർ അവസാനംവരെ സ്റ്റേറ്റിൽ എത്രപേർക്കു വ്യവസായത്തിനു ലോൺ കൊടുത്തു ;

(ബി) ഏതെല്ലാം വ്യവസായങ്ങൾക്കു് ;

(സി) ഓരോരുത്തർക്കും എത്ര രൂപ വീതം കൊടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 35 കയർവ്യവസായ സഹകരണസംഘങ്ങളും ഉൾപ്പെടെ 427 പേർക്ക് കൊടുത്തിട്ടുണ്ട്.

(ബി, സി) വിവരങ്ങളടങ്ങിയ † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : വിവരങ്ങളടങ്ങിയ ലിസ്റ്റിൽ പറയുന്ന പ്രകാരമുള്ള വ്യവസായങ്ങളും ഇന്നു എല്ലായിടത്തും നടക്കുന്നുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ ദാമോദര മേനോൻ : അതൊക്കെ അന്വേഷിക്കുന്നുണ്ട്.

ശ്രീ. പി. ബാലചന്ദ്രമേനോൻ: മദ്രാസ് ഗവണ്മെൻറിൽനിന്നും കൊച്ചി ഗവണ്മെൻറിൽനിന്നും ലോൺ കൊടുത്തിട്ടുള്ളതിനെപ്പറ്റി വല്ല കണക്കും ഈ ഗവണ്മെൻറിന്റെ കൈവശമുണ്ടോ ? ഇനിയും മടക്കിക്കിട്ടാതെ എത്ര തുകയുണ്ടെന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : മടക്കിക്കൊടുക്കാത്ത സംഖ്യ എത്രയുണ്ടെന്നുള്ളതു പ്രത്യേകമായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളു. മദ്രാസ് ഗവണ്മെൻറിൽനിന്നും കൊച്ചി ഗവണ്മെൻറിൽനിന്നും ലോൺ കൊടുത്ത സംഖ്യയുടെ കണക്ക് ഇവിടെയുണ്ട് അതു ഗഡുക്കളായി പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികളും എടുത്തുവരുന്നുണ്ട്.

ശ്രീ. എൻ. ഭാസ്കരൻ നായർ : ഇൻഡസ്ട്രിയൽ കോവാപ്പറേറീവ് സൊസൈറ്റികൾക്ക് ലോൺ കൊടുത്തുകഴിഞ്ഞാൽ കൊടുത്തതീയതി മുതൽ അടുത്ത ഒരു വർഷത്തിനകം ഒരു തവണ കൊടുക്കണമെന്ന നിയമം ഇന്നു നിലവിലുണ്ട്. ഒരു വർഷത്തിനകം ഈ സൊസൈറ്റികളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാതെ വന്നാൽ ഈ ലോൺ തിരിച്ചടക്കുന്നതിനു വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.. അതുകൊണ്ട് ഒരുകൊല്ലംകൂടി ഈ കാലാവധി നീട്ടിക്കൊടുക്കുന്നതിനു ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ കെ. എ. ദാമോദര മേനോൻ : പ്രത്യേകമായി ഏതെങ്കിലും പ്രയാസങ്ങളും സഹകരണസംഘങ്ങളും ഇങ്ങനെ നേരിടുന്നതായി വന്നാൽ അതു ഗവണ്മെൻറ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : 35 കയർ വ്യവസായ സഹകരണസംഘങ്ങളും ഉൾപ്പെടെ 427 പേർക്ക് ലോൺ കൊടുത്തു എന്നു ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. 35 കയർ വ്യവസായസഹകരണ സംഘങ്ങളെന്നു പ്രത്യേകമായി പറഞ്ഞതു എന്തുകൊണ്ടാണ് ?

ശ്രീ കെ. എ. ദാമോദര മേനോൻ : കയർ വ്യവസായ സഹകരണസംഘങ്ങളും പ്രത്യേകമായ ഒരു വിഭാഗത്തിൽ പെടുന്നവയായതുകൊണ്ടാണ് അങ്ങനെ പറഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി : കയർ വ്യവസായ സഹകരണ സംഘങ്ങളും ആലപ്പുഴയും ചേർത്തലയുമുള്ളതു ശരിയായി നടക്കുകയും പരവൂരുള്ള സൊസൈറ്റി വല്ലപ്പോഴും പ്രവർത്തനം നടത്തുകയും, ബാക്കിയുള്ള സൊസൈറ്റികളിലെല്ലാം തന്നെയാതൊരു വർക്കും നടക്കുന്നില്ല എന്നുള്ള കാര്യത്തെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ അതു അറിയിച്ചാൽ അതേപ്പറ്റി അന്വേഷിക്കാം.

† Placed in the library.

LIBRARY ARCHIVES Kerala Legislative Assembly